അപ്ഗ്രേഡ് ചെയ്ത ആയുർവേദ ആശുപത്രികൾ

70 (4947) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർക്കാർ ആയുർവേദ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട് ഗവ. ആയുർവ്വേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ആയുർവേദ ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) നൊച്ചാട് ഗവ. ആയുർവേദ ആശുപത്രി 20 കിടക്കകളിൽ നിന്നും 50 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭിച്ചിട്ടുണ്ട്. ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ ഫണ്ടിന്റെ ലഭ്യത, തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

ആയുർവേദ നഴ്സിംഗ്, ഫാർമസി കോഴ്സുകൾ

71 (4948) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ നഴ്സിംഗ് കോഴ്സിനും ഫാർമസി കോഴ്സിനും എത്ര വർഷത്തെ കോഴ്സാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കോഴ്സുകളുടെ അടിസ്ഥാനയോഗ്യതയിലും കാലയളവിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ആയുർവ്വേദ നഴ്സിംഗ്, ആയുർവേദ ഫാർമസി എന്നീ പാരാമെഡിക്കൽ കോഴ്സുകളുടെ കാലാവധി ഒരു വർഷമാണ്.

(ബി) മാറ്റം വരുത്താൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly